# <u>DIGITAL MAGAZINE</u>

By

Little Kite Students
GVHSSAmbalathara
2019-21

അമ്പലത്തറ 30/12/2019

പ്രിയപ്പെട്ട ലീല ടീച്ചറെ

എനിക്ക് സുഖമാണ്. ടീച്ചർക്ക് സുഖമാണെന്ന് കരുതുന്നു. എല്ലാ-
പരീക്ഷപേപ്പറും കിട്ടി. ഞാൻ രണ്ട് വിഷയത്തിൽ തോറ്റു ഹിന്ദിയും-
കണക്കും. ഞാൻ വായിച്ചതു കൊണ്ട് മലയാളം I 22 മാർക്കും മലയാളം II
25 മാർക്കും കിട്ടി. നല്ല ചോദ്യമായിരുന്നു ഉണ്ടായത്. ഞാൻ കഴിവ്-
വിനൊത്ത് പരിശ്രമിക്കാത്തതു കൊണ്ടണ് മാർക്ക് കുറഞ്ഞത്. ഈ-
കുറമ്പ് നികത്തി അടുത്ത പരീക്ഷയിൽ നല്ലവിജയം നേടും

എന്ന്

ആദിത്യൻ എം

## തുടിതാളം തേടി

നമ്മുടെ മാതാവു കൈരളി പണ്ടൊരു
പൊന്മണിപ്പൈതലായി വാണ കാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചെതസി തോന്നിയ മാതിരിയിൽ
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ
റോടിക്കളിച്ചു രസിച്ച കാലം
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ് ഠത്താൽ
പാടിയാരുന്ന പഴങ്കഥപ്പാട്ടുകൾ

## എന്തൊരു ചന്തം

**മീശ പിരിക്കും നേരത്തെല്ലോ**
**പൂച്ചക്കുട്ടനു ചന്തം**
**വാലു കുലുക്കും നേരത്തേല്ലോ**
**ആനച്ചേട്ടനു ചന്തം**
**പീലി വടർത്തും നേരത്തല്ലോ**
**മയിലമ്മാവനു ചന്തം**

# TajMahal

*Taj mahal is sonsidered as one of the seven wonders of the world. It is a work of art that exccels time and history. The following lines are from Tagore's poem 'shah jahan'. In this poem tagore speaks of the immortal creation, the Taj mahal and the timeless appeal of that great monument.*

*You knew,emperorr of india, shah jahan, that life, youth, wealth, renown*

# കൃഷിക്കാരനും ബുദ്ധിശാലിയുമായ മുയലുകളുടെ ഗുണപാഠകഥ

ഇത് ഒരു കുടുംബത്തെ പറ്റിയുള്ള കഥയാണ്.ഒരു ഗ്രമത്തിൽ ഒരു മുയൽ കുടുംബം താമസിച്ചിരുന്നു വളരെ സന്തോഷത്തോടെയും ദു:ഖത്തോടെയുമാണ്അവർ ജീവിച്ചത് .ഒരു ദിവസം നടന്ന കഥയാണ് പറയുന്നത് അച്ഛൻമുയൽ പണിയെടുക്കാൻ പോകുമ്പോൾ മൂത്ത മകനായ കുട്ടുവിനെയും വിളിക്കുമായിരന്നു . ഒരു ദിവസം അച്ഛനും മകനും ജോലികഴിഞ്ഞ് വരുമ്പോൾ ഒരു കൃഷി സ്ഥലം കണ്ടു വരണ്ടിട്ടുള്ള ഒരു കൃഷി സ്ഥലം. ഈ കൃഷി സ്ഥലം കണ്ട അച്ഛൻ മുയലിന് സങ്കടമായി വീട്ടിൽ ചെന്നപ്പോൾ കണ്ട സംഭവങ്ങളെല്ലാം ഭർത്താവ് ഭാര്യയോട് പറഞ്ഞു. അപ്പോൾ ഭാര്യ മുയൽ പറഞ്ഞു : എന്റെ ദൈവമേ എന്നിട്ടെന്തേ നിങ്ങളത് വാങ്ങാഞ്ഞത്. നമുക്കെങ്കിൽ ഇത്രകാശ് ചിലവഴിക്കേണ്ടതില്ലായിരുന്നു .ശരി ഞാൻ നാളെ തന്നെ ആകൃഷി സ്ഥലം വാങ്ങാമെന്ന് ഭർത്താവായ അച്ഛൻ മുയൽ പറഞ്ഞു .രാത്രിയവർ സന്തോഷത്തോടെ ഭക്ഷണം കഴിച്ചുറങ്ങി . ഇപ്രാവശ്യം അച്ഛൻ മുയൽ മകനെയും തൻെറ കുടുംബത്തെയും കൂട്ടിയാണ് പോയി . ആ കൃഷി സ്ഥലത്തെത്തി അച്ഛനും മകനും പോയി കൃഷി സ്ഥലം വാങ്ങി അങ്ങനെയവർ സന്തോഷത്തോടെ ജീവിച്ചു . അവിടെ ഉണ്ടായിരുന്ന കൊച്ചു വീട്ടിൽ താമസിച്ചു

ഇതിൽനിന്നും നമുക്ക് മനസിലാകുന്നത് ബുദ്ധിശാലിയും ഉത്തമൻ മായവർ എപ്പോഴും വിജയം നേടാനാകും .

-ഇർഫാന .പി പി

3 ബി

,സ്ഥലം : മൂന്നാമൈൽ

തീയ്യതി : 31.12.2019

പ്രിയപ്പെട്ട ലീല ടീച്ചർ ,

ടീച്ചറിന് സുഖമാണോ....... ഈ പ്രാവശ്യത്തെ രണ്ടാം പാദവാർഷിക പരീക്ഷ കഴിഞ്ഞ പ്രാവശ്യത്തെ പരീക്ഷയെക്കാളും നല്ലതായി എഴുതാൻ എനിക്ക് സാധിച്ചു . രണ്ടു വിഷയത്തിനു മാത്രമാണ് ഞാൻ തോറ്റത്.

# ശത്രു മിത്രംമായി.................

***ഒരു ദിവസം ഒരു വീട്ടിൽ ഒരു പൂച്ച ഉണ്ടായിരുന്നു അവന് എലികളെ ഇഷ്ടമല്ലായിരുന്നു ഇലികളെ കണ്ടാൽ അവൻ കടിച്ചു തിന്നും ഒരു ദിവസം അവൻ പുറത്തെക്ക്തീറ്റ തേടാൻ പോയി. അപ്പോള്ഒരു പട്ടിയെ കണ്ടു പൂച്ച പേടിച്ചു വിറച്ചു അപ്പോൾ എലി അത് കണ്ടു എലി പട്ടിയുടെ ശ്രദ്ധ എലിയിലേക്ക് തിരിച്ചു ആ സമയം പൂച്ച രക്ഷപെട്ടു പൂച്ച വീട്ടി ലെൻ പോയി എലിയും വീട്ടിലേക്ക് വന്നു പൂച്ച എലിയോട് പറഞ്ഞു നന്ദി യുണ്ട് സുഹൃത്തെ ഇനി നിന്നെ ഞാൻ ഒരിക്കലും കടിച്ചുതിന്നില്ല.............***

# തളരാത്ത ചിറക്

തിങ്ങിത്തിരക്കേറിയ അവിടുത്തെ ഏതോ മൂലയിൽ ഒരു കുഞ്ഞു മനസ്സ് പിടയുന്നുണ്ടായിരുന്നു . പാറിപ്പറക്കുന്ന എണ്ണ കാണാത്ത മുടിയും വരണ്ടുണങ്ങിയനിഷ്കളങ്കമുഖവും.വിശപ്പുസഹിക്കാനാവാതെ  അലയുന്ന വയറുകൾ ആ ആറു വയസുകാരിയുടെ കുപ്പായത്തിന് പുറത്തു കൂടെ എത്തിനോക്കുന്നുണ്ടായിരുന്നു . പട്ടണത്തിലുണ്ടായിരുന്ന നിറം ചായ്ച്ച വസതുക്കളിൽ അവൾ ഒരിക്കൽ പോലും കണ്ണോടിച്ചിരുന്നില്ല . ഒരു നിമിഷം പരിഭ്രമത്തോടെ അ കുഞ്ഞ് ഓടാൻ ശ്രമിച്ചു. ഒരു ഇടുങ്ങിയ വൃത്തിയില്ലാത്ത പാതയ്ക്കുടുത്താണവൾ ഓടുന്നത്. കെട്ടിപ്പൂതഞ്ഞഭാണ്ടമാണോ അത് അനക്കമുണ്ട്. അല്ല കുഞ്ഞ് ഒരു വയസ് പ്രായം തോന്നിക്കുന്ന ഒരാൺ കുഞ്ഞ്. കുഞ്ഞ് കരയുകയാണ്. കയ്യിൽ കിടന്ന കാശ് കൊണ്ട് അവൾ തന്റെ അനിയനായി എന്തോ കരുതി കൊണ്ട് വന്നു . ആർത്തിയോടെ ആ കുഞ്ഞത്  കഴിച്ചു . മയങ്ങിക്കഴിഞ്ഞ ആ കുഞ്ഞിന്റെകവിളിൽ ഒരുമ്മ അവൾ കൊടുത്തു . ആ

മുത്തത്തിൽ അമ്മയുടെ മുലമധുരമുണ്ടായിരുന്നു.
കൈയ്യിലുണ്ടായിരുന്ന പത്തു രൂപനോട്ട്
ഉറ്റനോക്കിക്കൊണ്ട് അവൾ അവിടെ നിന്നു .
തളരാത്ത മനസ്സോടെ നീണ്ട് നിവർന്ന് കൈയ്യിലെ
അഞ്ച് തൊപ്പികൾ വിൽക്കാനായി അവൾ യാത്ര
തുടർന്നു . കാലിടറാതെ .... കണ്ണടയാതെ........
തിരക്കിലൂടവൾ നീങ്ങി മറഞ്ഞു...

-NANDANA 9 B

കൃഷണൻ കുട്ടിയുടെ കഥ

ഒകു നഗരത്തിലെ കാട്ടിൽ ഒരു കടുവ താമസിച്ചിരുന്നു.അങ്ങനെ ഒരിക്കൽ ഒരു വയസ്സായ അമ്മുമ്മ കാട്ടിൽ വിറക് തോടൻ പോവുകയായിരുന്നു. അതേ വഴി ഒരു കടുവ ആ വഴി വന്നു. ആ കടുവ അമ്മൂമ്മയ്ക്ക് വിറക് നൽകി നെയ്യപ്പം ആവശ്യപ്പെട്ടു.ആ വരവ് വൈകുന്നേരമായിരുന്നു. അപ്പൂപ്പനും അമ്മൂമ്മയും
അപ്പം ചുട്ടു.അവർ അപ്പം ചുട്ടതിരുന്നതു വരെ
അവർ കൊതിച്ചു. നരിവരാൻ വൈകി അമ്മൂമ്മയ്ക്കുവിശപ്പ്അടയ്ക്കാൻകഴിയാത്തതിനാൽ അമ്മൂമ്മ ഒരു അപ്പം തിന്നു. അവർ കുറച്ച് കഴിഞ്ഞപ്പോൾ വിണ്ടുമെടുത്തു അങ്ങനെ അപ്പം

***തിർന്നു.നരിവരാൻ ഒരുപാട് വൈകി പിന്നെയാണ് നരി വന്നത.***

# കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ...........

കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ
മണ്ണു മാന്തിയെടുക്കുന്ന കൈകളിൽ
പന്തുപോലൊന്നു കിട്ടിയാൽ നിർത്തണേ
ഒന്ന് കൂക്കി വിളിച്ചറിയിക്കണേ
പണ്ടു ഞങ്ങൾ കുഴിച്ചിട്ടതാണെടോ
പന്തു കായ്ക്കും മരമായ് വളർത്തുവാന്

***<u>മുല്ല പൂവ്</u>***

*രാവിലെ വിടരും പൂവ്*
*നിലാവു നോക്കും പൂവ്*
*നറുമണമുള്ളൊരു പൂവ്*
*ചിരിച്ചു നിൽക്കും പൂവ്*
*വെളുത്ത മുല്ല പൂവ്*

## പൂമ്പാറ്റ

ഇലയിന്നടിയിൽ മുട്ടകളിട്ട് പോകും പൂമ്പാറ്റേ മുട്ട വിരിഞ്ഞ് പുഴുവുണ്ടാകും.പുഴുയില തിന്ന് പ്യൂപ്പയായി മാറി ദിവസങ്ങൾ കഴിഞ്ഞ് പൂമ്പാറ്റയായി മാറും.പൂമ്പാറ്റയ്ക്ക് ചന്തം വരും.വലുതായി മാറും.പൂമ്പാറ്റകൾ പാറിപ്പോകും.

പൂക്കളിലെ തേൻ കുടിക്കാൻ വണ്ടത്താനും പൂമ്പാറ്റകളും തേൻ കുടിച്ച് പാറുന്നു.രാത്രിയായപ്പോൾ ഇലയും മൂടിപ്പുതച്ച് ഉറങ്ങും.

3B

*ഫാത്തിമത്ത് ഫിദ*

# വായന കുറിപ്പ്

പുസ്തകത്തിന്റെ പേര്:കിന്നരിപ്പൂച്ച
എഴുത്തുകാരൻ :ബാബു കണ്ടനാട്
ഉള്ളടക്കം :കുറേതരം കഥകളുള്ളതാണ്

ഈ പുസ്തകത്തിൽ കുറയെകഥകളുണ്ട്. നല്ല കഥകളാണ്. കിന്നരിപ്പൂച്ച, വിരുന്ന്, ബലൂണകുട്ടൻ, ശിങ്കാരവേലു, ഞാൻപാവമാണേ, കാതില്ലാപെണ്ണ്, പറപ, പയറ് പാകം നോക്കി, മണ്ണാകട്ടയും കരിയിലയും കാശിക്കു പോയെ, സിനുക്കുട്ടി.
ഇങ്ങനെ കുറയെ കഥകളുണ്ട്.

*എനിക്കിഷ്ടപ്പെട്ടത് പടിച്ചതെ പാട്ടു എന്ന കഥയാണ്*

## കല്ലിനുമുണ്ടൊരു കഥ പറയാൻ

കള കളാ....ഒഴുകുന്ന നദിക്കരികിലെ ഒരു വലിയ മരച്ചോട്ടിലായിരുന്നു എൻെറ താമസം. പ്രകൃതി ഭംഗി ആസ്വദിക്കാൻ വരുന്ന പിഞ്ച് കുഞ്ഞുങ്ങളും വലിയവരും ഒക്കെ വിശ്രമിക്കാർ എൻെറ മുകളിലിരുന്നാണ്. ഞാൻ അന്ന് ഒരു ഇരുണ്ട നിറമുള്ള ഒന്നായിരുന്നു .എന്നെ തൊടാൻ എല്ലാവർക്കും വലിയ ഇഷ്ടമായിരുന്നു . അന്ന് ഞാനായിരുന്നു ആ കാട്ടിലെ ഏറ്റവും വലിയ സുന്ദരനായ കല്ല് . ഒരിക്കൽ ഒരു പ്രളയത്തിൽ എൻെറ മുകളിൽ വന്ന് എല്ലാ വലിയ വലിയ മരങ്ങളും വീണു . ഭാരം താങ്ങാനാകാതെ ഞാനും ആ വെള്ളത്തിൽ ഒലിച്ചു . അപ്പോൾ അവിടെയൊരു ഉരുൾപ്പൊട്ടൽ തന്നെ ഉണ്ടായി. ഞാൻ പിന്നെ അഴുക്കൊക്കെ പുരണ്ട് ഒരു വൃത്തികെട്ട രൂപത്തിലെത്തി . എൻെറ ഒരു കഷ്ണം അടർന്നു വീണുപോയി .ഭാക്കി കുറച്ച്ഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളു . ആ ഞാൻ കൂടുതൽ ഭാരം ഒന്നും ഉണ്ടായിരുന്നില്ല . പിന്നെ എനിക്ക് ഒരു വലിയ മൂർച്ചയുള്ള മുനയുണ്ടായി. അന്ന് എന്നെ ആർക്കും ഇഷ്ടമല്ലായിരുന്നു എലിലാവരും എന്നെ എടുത്ത് ദൂരെ കളയുമായിരുന്നു .അതിൽ കാൽ കൊണ്ട് ഒരുപാട് ആൾക്കാരുടെ ചോര പൊടിഞ്ഞു . ഞാൻ ഒഴുകി ഒഴുകി ഉരസി തയഞ്ഞ് മിനുസമായി ഒരു ഉരുളൻ കല്ലായി മാറി എനിക്കൊരു ചാര നിറവും ലഭിച്ചു . ഇന്നെല്ലാവർക്കും എന്നെ ഒരു പാട് ഇഷ്ടമാണ്. എന്നെ ഒരുപാട് പേർകാണാൻ വരികയായി . ഇന്ന് ഞാൻ ഒരു കൊച്ചു കുഞ്ഞിൻെറ കൈയിലാണ് . ആ കുഞ്ഞ് എന്നെ അവൻെറ പോക്കറ്റിലിട്ടു . ആർക്കും വേണ്ടാതിരുന്ന ഞാൻ ഇന്ന്എല്ലാവരുടെയും കണ്ണിലുണ്ണിയാണ് എൻെറ ഈകഥ നിങ്ങൾക്കല്ലാവർക്കും ഇഷ്ടപ്പെട്ടെന്നു ഞാൻ കരുതുന്നു . എന്നെ ആരും മറക്കരുത് , ചിലപ്പോൾ നാളെ ഞാൻ നിങ്ങളുടെ കൈയിലും വന്നെത്തിയേക്കാം ...........

എന്ന് ,

സനുഷ .ഇ

9 ബി

# പാരിൽ കൈകളിൽ അടർന്നു

# വീണ മുത്ത്

നേരം വെളുത്തപ്പൊഴേ; കൊട്ടും കുരവയും ആഘോഷ വാധങ്ങളും . മാച്ചുവട്ടിലെ മർക്കടൻ മാരെ കരയിപ്പി
ക്കും വിധം ഗർജനം മുഴക്കുന്ന വാഹനങ്ങളുടെ പടയോട്ടം . അമ്പല പരിസരത്തെ കാവ് ഇളക്കി മറിച്ച
കൊണ്ടുള്ള ആളുകളുടെ പരക്കം പാച്ചിൽ . അമ്പലമുറ്റം വരേ വലിച്ച കെട്ടിയ പന്തലിനിടയിൽ പരന്നു
കിടക്കുന്ന വിൽപ്പന വസ്തുക്കൾ . ഈ ബഹലത്തിനിടയിൽ കരയുന്ന വയലിനേട് "അനുഭവിക്ക് നീ
ഓമനിച്ച നിന്റെ മക്കളല്ലെ"എന്നു പറയുന്ന മട്ടിൽ ആർത്തു ചിരിച്ച് പറന്ന് പേങ്ങുന്ന കൊക്കുകൾ . 'മന്ത്രി '
മന്ത്രിയാണ് ചിന്താവിഷയം . അമ്പലത്തിലെ ആഘോഷോദ്ഗാടനത്തിനായി മന്ത്രി നമ്മുടെ ഗ്രാമത്തിലെത്തി.
ഓരോരുത്തരുടെയും നാക്കിൽ നിന്നുതിരുന്ന സന്തോഷ പ്രകടനങ്ങൾ . വയൽ വരമ്പിലേക്ക് തല ഉയർത്തി
ഇതെല്ലാം കാതിൽ ഉൾക്കൊള്ളുകയാണ് കതിർ മണികൾ . കൊയ്ത്തുമാറ്റിയ മറ്റൊരു കണ്ടത്തിൽ
വർണാഭമായി സ്റ്റേജ് തിളങ്ങുകയാണ്. അദിതികളെ വരവേൽക്കാൻ കൊച്ചു റോസയെ ഉള്ളം കൈകളിൽ
വീഴാതെ സൂക്ഷിച്ച് മുറുകിപ്പിടിച്ച് വരിയായി മത്സരിച്ച് നിൽക്കുകയാണ് കുഞ്ഞ് മക്കൾ . കാറിൽ നാന്നും
പുറത്തേക്ക് നീട്ടുന്ന രണ്ട് സാധാരണ കാലുകൾക്ക് എല്ലാവരും കൈയ്യടി നൽകുകയാണ്. മന്ത്രി കളുടെയും

അനിയായികളുടെയും കടന്നുവരവിനആശംസിച്ച് കൊണ്ട് ആരെയും കൊതിപ്പിക്കുന്ന ചുവന്ന റേസയുടെ

സുഗന്തം പരക്കുകയാണ്. അമ്പലത്തിൽ കൃത്യമായി പൂജ നടക്കുന്ന ഇതിനിടയിൽ എവിടെ നിന്നോ ഒരു കുട്ടി
കടന്നു വരുകയാണ്. അവിടെയുള്ള ഓരോ കുട്ടികളുടെ കൈയ്യിലും വർണനയുടെ കളിപ്പാവകളും
ടോയികാറുകളുമാണ്. എന്നാൽ ആ കുട്ടികളുടെ അതേ പ്രായം തോന്നിക്കുന്ന ഈ കുട്ടിയുടെ
കയ്യിലുണ്ടായിരുന്നത് മരത്തിൽ നിന്ന് അടർന്നു വീണ ഒരുശിഖരവും അരയാൽപച്ചിതയുമായിരുന്നു അവളുടെ
വസ്ത്രങ്ങളുടെ മങ്ങൽ ആ കുഞ്ഞു ശരീരത്തിന്റെ വിശപ്പിനെ ഏറെ യോചിച്ചിരുന്നു.
റോസാപ്പൂക്കളുടെ ഗന്തത്തിൽ വീഴാതെ ആ കുഞ്ഞ് വലീയ ജനക്കൂട്ടങ്ങളുടെ ഇടയിലേക്ക് പോവുകയാണ് .
റോസാപ്പൂക്കളുടെ കൈമാറ്റത്തെ ആ കണ്ണുകൾ അക്ഷമയോടെ നോക്കി നിൽക്കു- കയാണ്. മെല്ലെ അവൾ

നടന്നു നീങ്ങി . ഒരു നെൽ കതിർ നുള്ളിയെടുത്ത് കൈയ്യിൽ ചുരുട്ടി പിടിച്ച് മന്ത്രിക്ക് സമീപം നടന്നു നീങ്ങി .

ചെറു പുഞ്ചിരിയോടെ ആ നാടോടിയായ കുഞ്ഞ് മന്ത്രിക്ക് നേരെ നീട്ടി . ഇഷ്ടമില്ലാതാണെങ്കിലും

അയാൾ അത് ഏറ്റുവാങ്ങി . നിരാശയോടെ അയാളുടെ ചോദ്യം ; ഇത്രയും മനോഹരമായ സുഗന്തപൂരിതമായ
റോസാപ്പൂക്കൾ എനിക്കുതരുമ്പോൾ ഇത്രയും ദുർബലമായ നീ എന്തിനാണി കതിരു തന്നത്' ' മനുഷ്യ സ്നേഹം
ഇല്ലാതെ സംസാരിച്ച വെള്ളയിട്ട അയാളോട് തന്റെ ബഹുമാനം കൈവിടാതെ ആ കുഞ്ഞ് വിടരാത്ത
ശബ്ദത്തോടെ വിതുമ്പി . സാറെ പുറത്ത് സൗന്ദര്യമുണ്ടായിട്ട് കാര്യ മില്ല അകത്ത് സൗന്ദര്യം വേണം

അതാണ് ഇതിന്റെ മഹിമ . ആവാക്കുക ൾ അവസാനിച്ച നിമിഷം അമ്പല നടയിൽ അമ്പലമണിയുടെ നാദം

പലവട്ടം മുഴങ്ങി . കിളികളുടെ ചിറകടി പലവട്ടം പരന്നു . അവളുടെ യാത്ര എവിടെയന്നറിയാതെ അവിടെ
നിന്നും തുടർന്നു.......................

നന്ദന . മധു .

# നിലാവിൽ തിളങ്ങിയ

## അച്ഛൻ

*ഉണ്ണി ഉറക്കത്തിൽ നിന്നും പതുക്കെ ഉയർന്നു വന്നു.ഇരുട്ടിൻെറ മറവിൽ അവൻ ചുറ്റും തൻെറ അമ്മയെ പരതി.കുറച്ചു നേരം കണ്ണോടിച്ച് നടന്നപ്പോൾ മുറിക്കരികിലെ ജനലിനരികിലിരുന്ന് അമ്മ മാനത്തെ നക്ഷത്രങ്ങളിലേക്ക് കണ്ണോടിക്കുന്നതായി അവൻ കണ്ടു.ഉണ്ണി അമ്മയിക്കരികിലേക്ക് ഓടിച്ചെന്നു.അമ്മയുടെ കൈയിലേക്ക് നോക്കിയപ്പോൾ ആ ഏഴ് വയസ്സുകാരൻെറ മനസ്സ് നിശ്ശബ്ദതയിലേക്കാഴ്ന്നു പോയി.അച്ഛൻെറ പടവും കൈയ്യിൽ പിടിച്ച് കണ്ണീരൊഴുക്കുന്ന അമ്മയെ കണ്ടപ്പോൾ അവന് മനസ്സൊന്നലിഞ്ഞു പോയി.അധികം ഇരുട്ടിലേക്കാഴ്ന്നിറങ്ങാതെ അവൻ  അമ്മയുടെ കൈയിലുണ്ടായഅച്ഛൻെറ ഫോട്ടോ ഭിത്തിയിൽ തൂക്കിയിട്ടു.അമ്മ അവനെ വാരിയെടുത്ത് കട്ടിലിൽ കിടത്തിതാലോലിച്ചു.എന്നും അച്ഛൻെറയും അമ്മയുടെയും നടുവിൽ കിടക്കുന്ന ഉണ്ണിയുടെ ഒരു ഭാഗത്ത് അച്ഛൻെറ സ്ഥാനത്തിപ്പോൾ ഒരു തലയണ മാത്രമാണ്.അവൻ തലയണ എടുത്തു മാറ്റി അച്ഛൻ കിടക്കുന്ന സ്ഥലത്ത് അവനൊന്ന് തലോടി.മകനെ കണ്ട് സഹിക്കാൻ കഴിയാതെയായ അമ്മ പൊട്ടിക്കരയാൻ തുടങ്ങി.ഈസമയം ഉണ്ണി അമ്മയുടെ കൈകൾ പിടിച്ച് മുറ്റത്തേക്കിറങ്ങി.മകൻെറ കൈപ്പത്തിക്കുള്ളിൽ അമ്മ അച്ഛൻെറ സ്നേഹം തൊട്ടറിഞ്ഞു.അവൻ മാനത്തേക്ക് ചൂണ്ടിക്കാട്ടി ചെറു കൊഞ്ചൽ ഭാഷയോടെ അമ്മയോട് പറഞ്ഞു;മാനത്തൊറ്റയിക്കിരുന്ന് നമ്മളെ നോക്കി തിളങ്ങുന്ന ആ നക്ഷത്രമല്ലേ അമ്മേ.അമ്മ മുഖാമുഖം കാണാനാഗ്രഹിക്കുന്ന അച്ഛൻ.എന്നാൽ അമ്മയുടെ മുഖം വാടിയപ്പോൾ അത് തിളക്കം നിർത്തിയതിനു കാരണം അമ്മയുടെ അതിയായ സങ്കടമാണ.ഓമനത്തവും തിളക്കവുമുള്ള തൻെറ കുഞ്ഞിൻെറ വാക്കുകൾ കേട്ടപ്പോൾ മിഴികളിൽ നിന്നും ഉതിർന്നു വീണ കണ്ണീരുകൾ അച്ഛൻെറ നെഞ്ചിലേക്ക് നുരുങ്ങിയിറങ്ങുതായി തോന്നി.തൻെറ മകനെ മാറോട് ചേർത്തമ്മ വീട്ടിനുള്ളിലേക്ക് കയറിപ്പോയി.അപ്പോൾ ആകാശത്ത് തിളങ്ങിക്കൊണ്ടിരുന്ന ആ ഒറ്റ നക്ഷത്രം ഭൂമിയിലേക്കിറങ്ങി വന്ന് ഉണ്ണിയുടെ ചെറുകുടിലിനു കാവലാളായി പ്രകാശിച്ചു.....*

*നന്ദന.എ.വി 9B*

## കുടുംബം

ഒരു ഗ്രാമത്തിൽ പാവപ്പെട്ട ഒരു കുടുംബം ഉണ്ടായിരുന്നു. ആ വീട്ടിൽ അച്ഛനും അമ്മയും നാല് മക്കളും ഉണ്ടായിരുന്നു. അവരുടെ ജോലി കൂലിപണിയായിരുന്നു. നാല് മക്കളും മടിയന്മാരായിരുന്നു. നാല് മക്കൾക്കും പണിയെടുത്ത് ജീവിക്കാനുള്ള വയസ്സായി. എന്നാലും അവർ പണിക്ക് പോകില്ല. അച്ഛനും അമ്മയും കൊണ്ടുവരുന്ന പണം കൊണ്ട് അവർ ജീവിച്ചു. പെട്ടെന്ന് ഒരു ദിവസം അമ്മയ്ക്ക് അസുഖം വന്ന് കിടപ്പിലായി. എന്തു ചെയ്യണമെന്നറിയാതെ മക്കൾ ഒരു തിരുമാനം എടുത്തു. പിറ്റേ ജിവസം മുതൽ അവർ പണിക്ക് പോകാൻ തുടങ്ങി. പിന്നെ അവർ പണിയെടുത്ത് അമ്മയെ നല്ല ആശുപത്രിയിൽ കാണിച്ചു അസുഖം മാറി. പിന്നെ അച്ഛനെയും അമ്മയെയും പണിക്ക് പോകാൻ അവർ സമ്മതിച്ചില്ല. എല്ലാ കാര്യങ്ങളും മക്കൾ നല്ലപോലെ നോക്കി. അവർ സന്തോഷത്തോടെ ജീവിച്ചു.

## ഇനിയും ഉണരാത്ത നാട്

കേരളം തൻ അന്ത്യാഭിലാഷ കഥനങ്ങൾ
കേൾപ്പതില്ലേ എൻ പ്രിയ സഖി........ നന്മ നരയ്ക്കുന്നു,
പുതു ജനാധിപത്യ യഷസ്സുണരുന്നു
നന്മ തൻ കൈപ്പിടി നിറഞ്ഞുമറിഞ്ഞിതാ
കേരളമൊട്ടാകെ പടരുന്നുവോ....
രക്ത ചുവപ്പൊ! താമരതൻ പകർപ്പൊ!
ഗാന്ധിതൻ സ്മൃതിയൊ!മണ്ണിൻ സുഗന്ധമൊ!
അല്ല!!!!........
പകരം ഉയരണം നന്മ തൻ കൊടികളും
രക്തസാക്ഷിത്വത്തിൻ പേരിൽ
ഒടുക്കുന്ന ജീവന്റെ പൊരുളും ......
ജീവിതം നീണ്ടുനിൽപ്പിതാ എൻ-
മുമ്പിൽ എന്നാലും വയ്യ എനിക്കവിടെയെത്താൻ
കൊടികൾ  പലതും ഉയർത്തുമ്പോൾ
എൻ നെഞ്ചം പിടഞ്ഞെരിഞ്ഞു തീരുന്നുവോ
വേണ്ട.....ഇനിയൊരു വട്ടമാ രക്തക്കളം
*ആൺ തരി തൻ സ്നേഹ സാന്ത്വനമായിക്കാം*

# Peas porridge

peas porridge hot,
peas porridge cold
peas porridge in the
pot nine days old
some like it cold,
some like it hot
pot nine days old!

# ഡയറി

സ്കൂളിൽ ഇന്ന് ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന ചുമതല ഞങ്ങളുടെ ബഞ്ചിനായിരുന്നു. രാത്രി 10 മണിയായി. ഇപ്പോഴും മഴ പെയ്യുന്നുണ്ട. ഉറങ്ങാൻ കിടക്കാം. ദിവ്യ ടീച്ചർ പറഞ്ഞ കഥ വളരെ നന്നായിരുന്നു. സൂത്രക്കാരൻ കുറുക്കനെ ഞങ്ങൾക്ക് ഇഷ്ടമായി. ഇന്ന രാവിലെ തന്നെ മഴയയായായിരുന്നു. ഞാൻ 6 മണിക്കു തന്നെ എഴുന്നേറ്റു. ഹോംവർക്കുകളെല്ലാം ചെയ്തു തീർത്തു.

## അറിയാത്ത കരടുകൾ

എന്താണക്ഷരം? കൈ കൊണ്ടരച്ച തീരാത്ത വരയുടെ ഓരോ വളവുകളും അക്ഷരങ്ങളാണ്. ഒരു കയ്യിൽ നിന്നുമുണ്ടായ വരയാണ് അക്ഷരം. ഈ വരകൾ വളയ്ക്കാനും പടിച്ചല്ലേ നാം പരസ്പരമറിയുന്നത്. ഞാ, ൻ, ഞാൻ എന്ന് പറയുന്നു.

*നന്ദന 9b*

പുസ്തകത്തിന്റെ പേര്: പ്രതിമയും കിളിപ്പെണ്ണും

.എഴുത്തുകാരൻ:ശ്രീധരൻ.എൻ.ബല്ല

## പ്രതിമയും  കിളിപ്പെണ്ണും

ഉള്ളടക്കം.പതിവായി കുളിച്ചുവരുന്നവരെല്ലാം കുളിച്ചു പോയി. അലക്കുകാർ അവരുടെ ജോലി തീർത്താണ്  അവിടെ  നിന്നും സ്ഥലം വിട്ടിരിക്കുന്നത്  ഓളങ്ങടങ്ങികുളം ശാന്തമായി അപ്പോഴാണ് ഒരു പറ്റം കിളികൾ  എവിടെ നിന്നോ കുളക്കരയിൽ പറന്നെത്തിയത് അവിടെയെല്ലാം  കിളികൾ  ചിക്കിച്ചികയാൻ  തുടങ്ങി. കിട്ടിയത് ഒട്ടും താമസിക്കാതെ വിഴുങ്ങുകയും ചെയ്തു. കുറച്ചു പേർ  കുളത്തിൽ

***നിന്ന് കുളിച്ചു. പിന്നെ കരയിലിരുന്ന് ചിറകുകുടഞ്ഞ് വെള്ളം തെറുപ്പിച്ചു ഉന്മേഷഭരിതരായി.***

***നിറങ്ങൾ***

നീലാകാശം , പീലിയിൽ വിരിയും
പച്ചത്തെങ്ങോല
തെളിഞ്ഞ മഞ്ഞപ്പൂക്കിളിയകെ
ചുവന്ന റോസാപ്പൂ
തവിട്ടു പശുവിൻ വെളുത്തപാല്
കുടിച്ചതിൻ പിന്നെ
കറുത്ത രാത്രിയിലീ നിറമെല്ലാം
ഓർത്തുകിടന്നു ഞാൻ

,സ്ഥലം : മൂന്നാമൈൽ

തീയ്യതി : 31.12.2019

പ്രിയപ്പെട്ട ലീല ടീച്ചർ ,

ടീച്ചറിന് സുഖമാണോ....... ഈ പ്രാവശ്യത്തെ രണ്ടാം പാദവാർഷിക പരീക്ഷ കഴിഞ്ഞ പ്രാവശ്യത്തെ പരീക്ഷയെക്കാളും നല്ലതായി എഴുതാൻ എനിക്ക് സാധിച്ചു . രണ്ടു വിഷയത്തിനു മാത്രമാണ് ഞാൻ തോറ്റത്.